LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്ത് മണ്ണിന്റെ സേഫ് ബെയറിംഗ് കപ്പാസിറ്റി വളരെ കുറവായിരുന്നു. (12 tonne/m2) ആയതിനാൽ ഈ കെട്ടിടത്തിന് വളരെ വലുതും ഭീമവുമായ 'Rat Foundation' ആണ് പറ്റുന്നതെന്നും ഇതിനു വലിയ പണച്ചെലവ് വേണ്ടി വരുന്നതായും കാണപ്പെട്ടു. ഇതുകൂടാതെ 45m നീളമുള്ള ' Pile Foundation'-നുള്ള 'Recommendation' ആണ് നൽകിയിരുന്നത്. ഇതൊക്കെ കെട്ടിടത്തിന് അപ്രായോഗികവും കനത്ത സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് കുറയ്ക്കുന്നതിന് 'മണ്ണിന്റെ സേഫ് ബെയറിംഗ് കപ്പാസിറ്റി' കൂട്ടാനുള്ള മാർഗ്ഗങ്ങൾക്കായി വിദഗ്ധ അഭിപ്രായം തേടിയിട്ടുണ്ട്. ആദ്യം ലഭിച്ച മണ്ണ് പരിശോധനാഫലം വൻ സാമ്പത്തിക ബാധ്യത വരുത്തുന്നതിനാൽ നിലവിൽ എക്സ്കിക്യൂഷൻ വിഭാഗത്തിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് 'സ്ട്രക്ചറൽ' ഡിസൈൻ തയ്യാറാക്കുന്നതാണ്. ആയതിനാൽ ഈ പ്രവൃത്തിയുടെ 'സ്ട്രക്ചറൽ' ഡിസൈൻ പൂർത്തീകരിക്കുന്നതിൽ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല.

കുറ്റിപ്പുറം ടി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം

6(2362) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലഭ്യമാക്കിയിട്ടില്ല, കെട്ടിട നിർമ്മാണത്തിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ആയതിന്റെ റിപ്പോർട്ടും ഡ്രോയിംഗും കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിലേയ്ക്കായി ഡിസൈൻ വിംഗ് (കോഴിക്കോട്)-ന് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

(ബി) ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് സാങ്കേതികാനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പരിശോധിച്ചിട്ടുണ്ട്, ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണത്തിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ആയതിന്റെ റിപ്പോർട്ടും ഡ്രോയിംഗും കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിന് ഡിസൈൻ വിംഗ് (കോഴിക്കോട്)-ന് ലഭ്യമാക്കിയിട്ടുണ്ട്.